©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2015 മേയ് 15<br>15th May 2015<br>1190 ഇടവം 1<br>1st Idavam 1190<br>1937 വൈശാഖം 25<br>25th Vaisakha 1937 | നമ്പർ<br>No. | 1172 |

## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 50/2015/തൊഴിൽ. *തിരുവനന്തപുരം, 2015 ഏപ്രിൽ 28 / 1190 മേടം 14.*

**എസ്. ആർ. ഒ. നമ്പർ 312/2015.**—1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്ട് (1980-ലെ 20) 16-ഉം 19-ഉം വകുപ്പുകളും 43-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2002 ആഗസ്റ്റ് 14-ാം തീയതിയിലെ ജി. ഒ. (എംഎസ്.) 56/02/തൊഴിൽ നമ്പർ വിജ്ഞാപനത്തിൻ കീഴിൽ പുറപ്പെടുവിച്ചതും 2002 ആഗസ്റ്റ് 29-ാം തീയതിയിലെ 1266-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 677/2002 ആയി പ്രസിദ്ധപ്പെടുത്തിയതുമായ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും, പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ 2002 ഭേദഗതി ചെയ്യുന്നതിനുവേണ്ടി കേരള സർക്കാർ, ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/1945/2015/S-18.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടത്തിന് 2015-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടത്തിന്റെ ഭേദഗതി.—2002-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങളിൽ 23-ാം ചട്ടത്തിനുപകരം താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"23. സൂപ്പർ ആന്വേഷൻ റിട്ടയർമെന്റ്.—കാലാകാലങ്ങളിൽ, സർക്കാർ ജീവനക്കാർക്ക് ബാധകമാകുന്ന പെൻഷൻ പ്രായം സംബന്ധിച്ച വ്യവസ്ഥകൾ ബോർഡിലെ ഒരു ജീവനക്കാരന് ബാധകമാകുന്നതാണ്."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സാക്കി ഉയർത്തിയ സാഹചര്യത്തിൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് ജീവനക്കാരുടെ പെൻഷൻ പ്രായവും കാലാകാലങ്ങളിൽ സർക്കാർ ജീവനക്കാർക്ക് നിശ്ചയിക്കുന്ന പെൻഷൻ പ്രായം ആയി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു. ആകയാൽ 2002-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ 23-ാം ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിനു വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Labour and Skills (H) Department**

NOTIFICATION

G. O. (P) No. 50/2015/LBR. *Dated, Thiruvananthapuram, 28th April, 2015 / 14th Medam, 1190.*

**S. R. O. No. 312/2015.**—In exercise of the powers conferred by sections 16, 19 and clause (d) of sub-section (1) of section 43 of the Kerala Headload Workers Act, 1978 (20 of 1980) the Government of Kerala, hereby make the following rules further to amend the Kerala Headload Worker's Welfare Board Staff (Appointment, Conditions of Service, Conduct and Discipline) Rules, 2002, issued under G. O. (Ms.) No. 56/2002/LBR dated 14th August, 2002 and published as S. R. O. No. 677/2002 in the Kerala Extraordinary Gazette No. 1266 dated 29th August, 2002, namely:—

RULES

1. *Short title and commencement.*—(1) These Rules may be called the Kerala Headload Worker's Welfare Board Staff (Appointment, Conditions of Service, Conduct and Discipline) Amendment Rules, 2015.

(2) It shall come into force at once.

2. *Amendment of the Rules.*—In the Kerala Headload Worker's Welfare Board Staff (Appointment, Conditions of Service, Conduct and Discipline) Rules, 2002, for rule 23, the following rule shall be substituted namely:—

"23. *Retirement on Superannuation.*—The provisions relating to age of retirement applicable to the Government employees from time to time shall be applicable to an employee of the Board."

By order of the Governor,

TOM JOSE,

*Principal Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Consequent to the enhancement of retirement age of Government employees to 56 years, Government have decided that retirement age applicable to the Government employees from time to time will be applicable to the employees of Kerala Headload Worker's Welfare Board. Hence Government have decided to make necessary amendment to rule 23 of the Kerala Headload Worker's Welfare Board Staff (Appointment, Conditions of Service, Conduct and Discipline) Rules, 2002.

The notification is intended to achieve the above object.